(ഇ) 10-6-2002-ൽ ചെന്നൈയിൽ വച്ചുകൂടിയ മന്ത്രിതല ചർച്ചയിൽ ഇരു സംസ്ഥാനങ്ങളിലേയും മൂന്നു സാങ്കേതിക വിദഗ്ദ്ധന്മാർ ഉൾപ്പെടുന്ന ഒരു സാങ്കേതിക സമിതി പറമ്പിക്കുളം-ആളിയാർ കരാർ പുനരവലോകനം ചെയ്യുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനായി രൂപീകരിക്കുകയുണ്ടായി. സാങ്കേതിക സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ച് തീരുമാനങ്ങളെടുക്കുന്നതാണ്.

ചികിൽസാ മേഖലകളിൽ സർക്കാർ അനുവദിച്ചിട്ടുള്ള ഫണ്ട്

108 [5894] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡങ്കിപ്പനി, എലിപ്പനി തുടങ്ങിയ പകർച്ചവ്യാധികൾ വ്യാപിച്ച ശേഷം അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി എന്നീ ചികിൽസാ മേഖലകളിൽ സർക്കാർ അനുവദിച്ചിട്ടുള്ള ഫണ്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത ഫണ്ടുകളുടെ കാര്യക്ഷമമായതും ക്രമരഹിതവുമായ വിനിയോഗം നിരീക്ഷിക്കുവാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) മുൻകാലങ്ങളിൽ ഇതുപോലെയുള്ള സന്ദർഭങ്ങളിൽ അനുവദിച്ചിട്ടുള്ള ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകൾ നടന്നിട്ടുള്ള വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇപ്പോൾ സർക്കാർ അനുവദിച്ചിട്ടുള്ള ഇത്തരം ഫണ്ടുകളുടെ വിനിയോഗത്തെ സംബന്ധിച്ച് സൂക്ഷ്മമായ പരിശോധനകൾക്ക് വിധേയമാക്കുമോ?

ഉത്തരം

(എ) (1) അലോപ്പതി .. 495 ലക്ഷം രൂപ
(2) ആയുർവേദം .. 20 ലക്ഷം രൂപ
(3) ഹോമിയോപ്പതി .. 20 ലക്ഷം രൂപ

(ബി) കാര്യക്ഷമവും ക്രമപ്രകാരവുമുള്ള വിനിയോഗം ഉറപ്പാക്കുന്നതാണ്.

(സി) ഫണ്ട് ദുരുപയോഗപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇപ്പോൾ അനുവദിച്ചിട്ടുള്ള ഇത്തരം ഫണ്ടുകളുടെ വിനിയോഗത്തെ സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ കൊടുത്തിട്ടുള്ളതാണ്. ഇതിന്റെ ചെലവുകൾ ആഡിറ്റിന് വിധേയമാക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly